

# നാരങ്ങ മിഠായി

ജി.എച്ച്.എസ്.എസ്

കുണ്ടംകുഴി

little KITE's

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : രാധാകൃഷ്ണൻ നായർകെ

സ്റ്റാഫ് എഡിറ്റർ :ശ്രീപ്രിയ സി കെ

സ്റ്റുഡന്റ് എഡിറ്റർ : മിതേഷ് കെ നായർ
അർജുൻ.എം

ആർട്ട് എഡിറ്റർ : അക്ഷിത കെ
അനഘ.ബി

എഡിറ്റോറിയൽ ബോർഡ്

അനഘ.ബി

അക്ഷിത.കെ

മയൂഖ.എം

ബുഷ്റ.കെ

നിവേദ്യ.എം

റിതുനന്ദ്.ഡി

മിതേഷ് കെ നായർ

അർജുൻ.എം

സായിരാജ്.പി

## അശോക.എം

### ഹെഡ് മാസ്റ്റർ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ഐ ടി സാങ്കേതികവിദ്യയിൽ മികവുറ്റ വരാക്കുന്നതിനായി ഗവൺമെൻറ് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ളബ്. നമ്മുടെ വിദ്യാലയത്തിലെ ക്ലബ്ബ് അംഗങ്ങൾ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നിറവേറ്റി വരുന്നു. മികവാർന്ന ആസൂത്രണത്തിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച് കൊണ്ട് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിൻറെ 2024-2025 വാർഷിക പ്രവർത്തനത്തിന് ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും

# മാധവൻ

(പ്രസിഡന്റ്, പി.ടി.എ)

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ഐ ടി സാങ്കേതികവിദ്യയിൽ മികവുറ്റ വരാക്കുന്നതിനായി ഗവൺമെൻറ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്. നമ്മുടെ വിദ്യാലയത്തിലെ ക്ലബ്ബ് അംഗങ്ങൾ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നിറവേറ്റി വരുന്നു. മികവാർന്ന ആസൂത്രണത്തിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച് കൊണ്ട് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിൻറെ 2024-2025 വാർഷിക പ്രവർത്തനത്തിന് ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് രക്ഷാകർതൃ സമിതിയുടെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# താളുകളിലൂടെ..


വേരാഴം........................................................................6

വസന്തരാവ്....................................................................7

സാധാരണ കണ്ണൻ നായർ.....................................................8

കുഞ്ഞിക്കിളിയുടെ മനോഹര യാത്ര.......................................10

പൂനിലാവ്......................................................................11

Like The Breeze Said......................................................12

പൂവ്............................................................................13

ആമയുടെ ചങ്ങാതി .........................................................14

തള്ളക്കോഴികളും കുഞ്ഞിക്കോഴികളും.....................................16

അമ്മ...........................................................................17

ഓട്ടോറിക്ഷക്കാരൻ രാമൻ...................................................18

രണ്ട് മുയൽ കൂട്ടുകാർ.......................................................19

വിദ്യാഭ്യാസവും സാങ്കേതിക വിദ്യയും.....................................20

ಸಾಮೂಹಿಕ ಮಾಧ್ಯಮಗಳ ಒಳಿತು ಕೆಡುಕುಗಳು..............................23

ಕಳ್ಳನ ಮನ ಬದಲಾವಣೆ .....................................................25

ന്റെ അമ്മയാണെനിക്കെല്ലാം...............................................26

തടവുകാരി....................................................................27

# വേരാഴം

കാടറിഞ്ഞവർക്കറിയാം, അതിജീവനത്തിൻ്റെ
രഹസ്യമന്ത്രങ്ങൾ, പൊട്ടിയ ഉരുളുകളിലകപ്പെട്ട
ഓരോ മരവും അടുത്ത വസന്തകാലത്തിൽ
തളിർക്കും. അവയെ ജീവിപ്പിക്കാൻ
തീർതേടിപ്പോയ, - വേരുകൾ, ഭൂഗർഭനദികളെ
കിഡ്നാപ്പ് ചെയ്തുകൊണ്ടുവരും. അവ,
ഇടക്കമ്പുകളെയും ഇലച്ചാർത്തുകളെയും
പുനരാവിഷ് കരിക്കും. വേരാഴമില്ലാതിരുന്ന, ചെറു
ചെടികൾ പോലും

വിത്തിൻ്റെ മൈക്രോചിപ്പിലിരുന്ന് തിരിച്ചുവരും.
വസന്തമെത്തുമ്പോഴേക്കും പ്രളയത്തെ
നാടുകടത്തിയിട്ടുണ്ടാകും കാടിൻ്റെ ഓർമ്മ
പുസ്തകം. പിന്നെ, പൂക്കളുടെ കളിയാട്ടമാണ്.
പറക്കമുറ്റുമ്പോൾ പൂക്കൾ ശലഭങ്ങളാകും
ചിറകുറയ്ക്കുമ്പോൾ അവ കിളികളാകും ..
വരാനിരിക്കുന്ന ദുരന്തത്തെപ്പറ്റി, അവകകൾ
കവിത പാടാറില്ല. അതിനുമപ്പുറം,
വരാനിരിക്കുന്ന വസന്തത്തെപ്പറ്റിയാകും
അവരുടെ പാട്ട്. മനുഷ്യക്കവികളാണ് ഇല്ലാത്ത
തീ കൊണ്ട് നാട് ചുടുന്നത്.
വരില്ലാത്ത ലോകാവസാനത്തെപ്പറ്റി കരയുന്നത്..
ഒരു കവിയും കവിതയോളം വളർന്നിട്ടില്ല ഒരു
കവിതയും കവിയോളം തളർന്നിട്ടില്ല....

**മനാസേ കുരിയൻ**
**10 F**

# വസന്തരാവ്

ഒരു കവിത കൂടി  ഞാനെഴുതുമല്ലോ
സുന്ദരി സുമുഖിയാം പ്രകൃതിയെ വാ
എന്നും പ്രഭാതത്തിൽ കളകള ശബ്ദത്തിൽ
എന്നെയുണർത്തും വസന്തമേനി തൂകി
യുണർത്തും പൂങ്കാറ്റും തഴുകിയുണർത്തി
എന്നെയുണർത്തുന്ന പ്രകൃതിയെ നീ
എൻ്റെ മന്ദം
കുളിർപ്പിക്കാനും നി നിത്യ വസന്തമായ്
വന്നണയും പച്ചപുൽത്തട്ടു വിരിച്ചു
നിൻ്റെ മാറാത്ത ണയുവാനും ഞാൻ
കൊതിക്കും എൻ്റെ മനസ്സിൻ്റെ
താളമേളം ശ്രുതിയാണ് പെഴിക്കുവാൻ
വന്ന നിന്നെ എന്തിഷ്ടമാണെനിക്കത്ര
യേറെ നിത്യവസന്തമാം പൊൻ പുലരി
എന്തിഷ്ടമാണെനിക്കത്രയേറെ
നിത്യ  വസന്തമാം പൊൻ പുലരി

സൂര്യജിത്ത്
4D

# സാധാരണ കണ്ണൻ നായർ

നമ്മടെ നാട്ടിലെ ഒരു ഫേമസ് ആളാണ് സാധാരണ കണ്ണൻ നായർ. നാട്ടുകാരോക്കെ സ്നേഹത്തോടെ കുഞ്ഞിക്കണ്ണേട്ടൻ എന്നു വിളിക്കും. പുള്ളീടെ പൊക്കം കുറഞ്ഞോണ്ടായിരിക്കാം കുഞ്ഞിക്ക ണ്ണേട്ടൻ എന്നു വിളിക്കുന്നത്. പേരില് കുറച്ച് ഗുമ്മ് തോന്നുമെങ്കിലും ആള് പാവാട്ടൊ പക്ഷെ ഒരു കാര്യം കുഞ്ഞിക്കണ്ണേട്ടന് ലേശം കുടിക്കണം അതു കഴിഞ്ഞേ ആൾക്ക് വേറെന്തും. കള്ളുകുടിച്ച് കഴിഞ്ഞാല് ആള് വല്യ മെഗാസ്റ്റാർ അനിരുദ്ധീനെ പോലാണ് വിചാരം. ആർക്കെങ്കിലും ബോറടി തോന്നിയാൽ നമ്മടെ കുഞ്ഞികണ്ണേട്ടന്റടുത്ത് വന്നാൽ മതി നല്ല ചളിയും തമാശയും എല്ലാം ഉണ്ടാകും. പിന്നൊന്നും അവർക്കുവേണ്ടിവരില്ല അതോടുഎല്ലാം മതിയാകും. വെറുതേ നടക്കുന്നവരെ നിർബന്ധിച്ച് ഇരുത്തി അവരോട് തള്ള് പറഞ്ഞ് അവരെ തള്ളിക്കൊണ്ടുപോവും. നമ്മടെ കുഞ്ഞികണ്ണേട്ടൻ തന്നെ ശ്രീ ശ്രീ നണയച്ഛൻ എന്നാണ് ഇപ്പോൾ കുഞ്ഞി കണ്ണേട്ടന്റെ പ്രശസ്ത നാമം. കണ്ണേട്ടൻ കുലുങ്ങിയാൽ ആ നാടു തന്നെ കുലുങ്ങും. അത്രയ്ക്കും വലിയ തള്ളാണ് ശ്രീ ശ്രീ നണയച്ഛൻ അല്ല കുഞ്ഞിക്കണ്ണേട്ടൻ വിടുന്നത്. പിന്നെ നമ്മുടെ നാട്ടിലെ യേശുദാസ്, സീനിയർ മാഷ്, ബ്യൂട്ടി കണ്ണൻ, തല്ലുവണ്ടി എന്നുള്ള പദവികൾ നമ്മടെ കുഞ്ഞിക്കണ്ണേട്ടന്റെ താണ്. കുഞ്ഞി കണ്ണേട്ടൻ ഉള്ള നാട് ഒരു പ്രത്യേകത നിറഞ്ഞ നാടാണ്.

ദിയ മധു
5




little
KITEs

# കുഞ്ഞിക്കിളിയുടെ മനോഹര യാത്ര

ഒരു ദേശത്ത് വലിയൊരു മാവുണ്ടായിരുന്നു. ആ ദേശത്തിന്റെ അവസാന ഭാഗത്തായിരുന്നു ആ മാവ് നിലനിന്നിരുന്നത്. ആ മരത്തിൽ ആയിരുന്നു കുഞ്ഞിക്കിളിയുടെ താമസം.ആ മരത്തിന്റെ ഏറ്റവും ഉയർന്ന ചില്ലയിൽ ആയിരുന്നു  അവളുടെ കൂട് ഒരു ദിവസം രാവിലെ കുഞ്ഞിക്കിളി ഭക്ഷണം തേടി ഇറങ്ങിയതായിരുന്നു പക്ഷേ എന്തോ അവൾക്ക് പതിവുപോലെ   അത്ര വിശപ്പും ദാഹവും തോന്നിയില്ല.അവൾക്കാകട്ടെ നാടുചുറ്റി മനോഹരമായ കാഴ്ചകൾ കാണണമെന്നായി ആഗ്രഹം. അവൾ ഉയരങ്ങളിലേക്ക് പറന്നു.മനുഷ്യരെ ഉറുമ്പുകളെപ്പോലെയും വീടുകളെ നന്നേ ചെറിയ മൺകൂമ്പാരങ്ങളെപ്പോലെയും ഒക്കെ ആയിരുന്നു അവൾ കണ്ടത്. കാഴ്ച്ചകൾ കണ്ട് മനം നിറഞ്ഞ അവൾ യാത്ര തിരിച്ച് ആക്കി. അങ്ങനെ മനോഹരമായ കാഴ്ച്ചകൾ പിന്നെയും കണ്ട് കൊണ്ട് കൂട്ടിലെത്തി.അവൾ വിചാരിച്ചു, ഇങ്ങനെ ഉള്ള കാഴ്ച്ചകൾ ഞാൻ  എന്ത് കൊണ്ടാണ് മുൻപ് കാണാത്തത് എന്ന്.

ആരാധ്യ
4 C

# പൂനിലാവ്

ഇങ്ങുവാ.. ഇങ്ങുവാ..
പൂനിലാവേ..
എൻ മുന്നിലേക്കുവാ പൂനിലാവേ..(2)
ആകാശത്തിലേറി ഇങ്ങുവാ നീ..
എന്നോടൊപ്പം കളിക്കാൻ നീ വരില്ലേ..
കാറ്റൊന്ന് വീശിയാൽ നീ പാറീല്ലേ..
ഇങ്ങുവാ ഇങ്ങുവാ പൂനിലാവേ (2)
വെണ്ണ പോലെ ഉള്ള ഒരു നിൻ മുഖത്തെ
കാണുവാൻ എന്തൊരു ഭംഗിയുണ്ട്.(2)
ഇങ്ങുവാ.. ഇങ്ങുവാ..
പൂനിലാവേ(2)
എൻ മുന്നിലേക്ക് വാ പൂനിലാവേ (2)

# Like The Breeze Said

Thinking of the memories we had,
I was wondering,
Where all the time has gone !
The grey hairs on my head
Was black once...
I was happy with the dear people of my life.....
There was this breeze, which I still remember
It was there, when the young me was
Sitting outside the home, thinking of the future, Planning it with my people....
Had plans of going out and staying together !

Today when I was sitting seeing the lights of the city, alone....
Got the essence of home,
When that one Breeze blew,
It was patting my head, the pat was longing for
It's reminded me of how the time flew,
Where are them? Where are the plans?
The ones with whom I had the beautiful memories.
The flew with the time, for away from me.
The Breeze said
" Oh Darling ! Why you worry ?
Life is hard, but sweet with the memories like Honey
Think of the time you had with them
You will never regret it !
Like the breeze said,
I don't regret the time
It was all fun and will be fun
The pats like this keeps me alive...
The breeze whispered with love and laugh,
" dyeing the hair is fun "

# പൂവ്

പൂവ് നല്ല പൂവ്
പൂമ്പാറ്റ പൂവ്
അഴകുള്ള ചന്ദമുള്ള ചേലുള്ള കൊച്ചു പൂവ്
പല നിറങ്ങളിൽ കാണും,
നല്ല നല്ല പൂവ്
മണമുള്ള പൂവ്
മനോഹര കൊച്ചു പൂവ്
സുന്ദരി പൂവ്
എന്റെ സ്വന്തം പൂവ്
എന്റെ സ്വന്തം കൊച്ചു പൂവ്
നല്ല നല്ല പൂവ്
ചക്കര പൂവ്
രാവിലെ പുഞ്ചിരിക്കും പൂവ്
പൂവ് നല്ല പൂവ് . . . .

Ayilya.A
4.D


# ആമയുടെ ചങ്ങാതി

ഒരിക്കൽ ഒരിടത്ത് ഒരു ആമയുണ്ടായിരുന്നു. ആ ആമ വളരെ പാവം ആയിരുന്നു. അങ്ങനെ ഒരു ദിവസം ഓട്ടമത്സരം ഉണ്ടായിരുന്നു. ആമയും, മുയലും, കുരങ്ങനും, ചെറിയ പാറ്റയും, ഉറുമ്പും,കങ്കാരുവും,മാനും ആയിരുന്നു അതിലെ ആളുകൾ. അങ്ങനെ എല്ലാവരും ഓടാൻ തുടങ്ങി. അതിൽ ആമ മാത്രം തോറ്റു. ഒന്നാം സ്ഥാനം കങ്കാരു, രണ്ടാം സ്ഥാനം മുയൽ, മൂന്നാം സ്ഥാനം ചെറിയ പാറ്റ. ആമ എത്തി. പാറ്റ ചോദിച്ചു ചങ്ങാതി നിനക്ക് വെള്ളം വേണ്ടേ? ആമ പറഞ്ഞു എനിക്ക് വേണം കൂട്ടുകാരാ... വെള്ളം കുടിച്ചു. ആമ ചോദിച്ചു നിനക്ക് ഒരു ചങ്ങാതി ഇല്ലേ. ”ഇല്ല” പാറ്റ പറഞ്ഞു. നമുക്ക് ഒരു മത്സരം വെക്കാം!.. എന്ത് മത്സരം? ആമ ചോദിച്ചു. പതിയെ വരുന്ന ആൾ ജയിക്കും. ആമ ശരി എന്ന് പറഞ്ഞു. മത്സരം ആരംഭിച്ചു. ആമ വിജയിച്ചു. രണ്ടാമത് പാറ്റയും. ആമ നന്ദി പറഞ്ഞു അതും സന്തോഷത്തോടെ. പാറ്റയും പറഞ്ഞു. അവർ അവിടന്ന് പിരിഞ്ഞു.

നന്ദി

ആയില്ല്യ എ
4D





ഒരിടത്ത് ഒരു തള്ളക്കോഴികളും കുഞ്ഞിക്കോഴികളും താമസിച്ചിരുന്നു. അവർ സന്തോഷത്തോടെയാണ് കഴിഞ്ഞു പോയത്. ഒരു ദിവസം തള്ളക്കോഴി തീറ്റ തേടി പുറത്തേക്ക് പോകുമ്പോൾ തള്ളക്കോഴി കുഞ്ഞിക്കോഴികളോട് പറഞ്ഞു " മക്കളേ നിങ്ങൾ സൂക്ഷിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ , നമ്മുടെ വീട്ടിനടുത്ത് ഒരു കുറുക്കനുണ്ട്. ഞാൻ പോകുന്ന തക്കം നോക്കി ഇരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ സൂക്ഷിച്ചിരിക്കണം. അല്ലെങ്കിൽ നിങ്ങളെ ആ കുറുക്കൻ കഴിക്കും. ആരു വന്ന് വാതിൽ തട്ടിയാലും തുറക്കരുത്. ഞാൻ വന്ന് തട്ടിയാൽ മാത്രം തുറന്നാൽ മതി. " അങ്ങനെ പറഞ്ഞിട്ട് തള്ളക്കോഴി പുറത്തേക്ക് പോയി. ആ തക്കം നോക്കി കുറുക്കൻ കുഞ്ഞിക്കോഴികളുടെ അടുത്തേക്ക് പോയി കുറുക്കൻ വാതിൽ മുട്ടി. അപ്പഴാണ് അവർക്ക് അമ്മ പറഞ്ഞത് ഓർമ്മ വന്നത് . അതു കൊണ്ട് അവർ വാതിൽ തുന്നില്ല. പിന്നെയും കുറേ നേരം വാതിൽ മുട്ടി. അതുകൊണ്ട് കുഞ്ഞിക്കോഴികൾക്ക് തോന്നി അത് അമ്മയായിരിക്കുമെന്ന് . അതുകൊണ്ട് അവർ വാതിൽ തുറന്നു . അപ്പോഴേക്കും അത് കുറുക്കനായിരുന്നു. കുറുക്കനെ കണ്ടതും കോഴിക്കുഞ്ഞുങ്ങൾ ഓടാൻ തുടങ്ങി. പക്ഷെ കുറുക്കൻ എല്ലാ കോഴികുഞ്ഞുങ്ങളെയും കഴിച്ചു. രണ്ടു കുഞ്ഞുങ്ങൾ മാത്രം രക്ഷപ്പെട്ടു. അമ്മ വന്നതും കുഞ്ഞുങ്ങൾ നടന്ന കാര്യങ്ങൾ പറഞ്ഞു . അതു കേട്ട തള്ളക്കോഴി പറഞ്ഞു "ഞാൻ പറഞ്ഞതല്ലേ ഞാൻ വന്നാൽ മാത്രം തുറന്നാൽ മതിയെന്ന്. " അത് പറഞ്ഞു തള്ളക്കോഴി കരയാൻ തുടങ്ങി. ഇത് കണ്ട് കുഞ്ഞികോഴികളും കരയാൻ തുടങ്ങി.

# അമ്മ

അമ്മയല്ലാതൊരു ദൈവമില്ല
മണ്ണിതിലെങ്ങുമേ വേറെയില്ല
അമ്മയല്ലാതൊരു സ്നേഹമില്ല
മണ്ണിതിലെങ്ങുമേ പണ്ടേയില്ല
അമ്മയല്ലാതൊരു പുണ്യമില്ല
മണ്ണിതിലെങ്ങുമേ ഇല്ലയില്ല
അമ്മയല്ലാതൊരു സത്യമില്ല
മണ്ണിതിലെങ്ങുമേ പേരിനില്ല
അമ്മയല്ലാതൊരു ധർമ്മമില്ല
മണ്ണിതിലെങ്ങുമേ തീരെയില്ല
അമ്മയല്ലാതൊരു ഉണ്മയില്ല
മണ്ണിതിലെങ്ങുമേ തെല്ലുമില്ല
അമ്മയല്ലാതൊരു ബന്ധമില്ല
മണ്ണിതിലെങ്ങുമേ കേൾവിയില്ല
സത്യവും ധർമ്മവും നീതിയും ന്യായവും
ഒന്നായി ചേരുന്ന ദൈവമമ്മ
പ്രകൃതീശ്വരിദേവി നിത്യം നമിയ്ക്കുന്ന
പ്രത്യക്ഷ ദൈവമാണമ്മ

പ്രീതിക സി
4D

# ഓട്ടോറിക്ഷക്കാരൻ രാമൻ

ഒരിടത്ത് ഒരു പാവപ്പെട്ട ഓട്ടോറിക്ഷക്കാരനുണ്ടായിരുന്നു. അയാൾ വിവാഹം കഴിക്കാതെ അച്ഛനെയും അമ്മയെയും നോക്കി നടക്കുകയായിരുന്നു.അങ്ങനെ ഇരിക്കെ അടുത്തായി രാമൻ്റെ അച്ഛൻ മരിച്ചു ഭർത്താവ് മരിച്ചതിൻ്റെ ഷോക്കിൽ അമ്മയും മരിച്ചു. അങ്ങനെ അവൻ ഒറ്റയ്ക്കായി.അവരുടെ വയസ്സ് 80 ഉം 75 ഉം ആണ്. അവൻ പണമില്ലാത്തതിൻ്റെ പേരിലും പ്രിയപ്പെട്ടവർ മരിച്ചതിൻ്റെ പേരിലും ഒരുപാട് വിശമിച്ചു. അവൻ പണമുണ്ടാക്കാനുള്ള വഴി പലതും നോക്കി പക്ഷേ അവനെ ആരും തന്നെ സഹായിച്ചില്ല. എങ്ങനെയോ അവൻ തട്ടിക്കൂട്ടി ചടങ്ങുകൾ ചെയ്യ്തു. അതിനു ശേഷം അവനൊരു സംഷയം തനിക്ക് എന്തെങ്കിലും ദോഷം ഉണ്ടോ എന്ന് അവനു തോന്നി. അവൻ അങ്ങനെ ജോതിഷൻ്റെ അടുത്തേക്ക് പോയി. അവിടെ ചെന്നപ്പോഴാണ് അവന് കാര്യങ്ങൾ തികച്ചും മനസ്സിലായത്.രാമൻ ഒരു നല്ല സ്വഭാവമുള്ള പെണ്ണിനെ കല്യാണം കഴിച്ചാൽ അവന് സമ്പത്തും സമാധാനവും കിട്ടും എന്ന് പറഞ്ഞു. അതോടൊപ്പം തന്നെ ഇങ്ങനെ പറഞ്ഞു പെണ്ണ് കെട്ടുന്നത് കൊള്ളാം അവളെ നല്ലതുപോലേ നോക്കി കഴിയണം. അവൻ അവിടെ നിന്ന് ദക്ഷിണ വെച്ച് മടങ്ങി. എന്നിട്ട് അവൻ ഇതുവരെ തിരിയാത്തത് തിരയാൻ തുടങ്ങി പക്ഷേ ഒന്നും ശരിയായില്ല. തിരക്കിനിടയിൽ അയാൾ അയാളുടെ ശരീരവും വണ്ടിയും നോക്കാതിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം ബ്രോക്കർ സുധാകരെട്ടൻ രാമൻ്റെ വീട്ടിലേക്ക് വന്നു. തനിക്ക് ചേരുന്നതും അതിസുന്ദരിയുമായ പെൺകുട്ടി പേര് രാധിക എന്നാണ് അവർ രണ്ടു പേർക്കും തമ്മിൽ ഇഷ്ട്ടമായി വിവാഹം കഴിച്ചു. ആ ജോതിഷൻ പറഞ്ഞതുപോലേ അയാൾക്ക് സമ്പത്ത് ലഭിക്കാൻ തുടങ്ങി. പക്ഷേ രാമൻ അത് അറിയുന്നുണ്ടായിരുന്നില്ല. ഈ പണം കിട്ടുന്നതിനനുസരിച്ച് സമാധാനവും കിട്ടി. അവൻ അവളെയും നോക്കി സമാധാനമായി സന്തോഷത്തോടെ കഴിഞ്ഞു.

# രണ്ട് മുയൽ കൂട്ടുകാർ

പണ്ട് പണ്ട് ഒരിടത്ത് രണ്ട് മുയലുകൾ ഉണ്ടായിരുന്നു. അവർ ഉറ്റ ചങ്ങാതിമാരായിരുന്നു. രണ്ടു പേരും ഒന്നിച്ച് ഭക്ഷണം കഴിക്കാൻ പോകും, ഒന്നിച്ച് കളിക്കും അങ്ങനെ എല്ലാം ഒന്നിച്ച് ചെയ്യും. ഒരു ദിവസം അവർ ഒരു ക്യാരറ്റ് തോട്ടത്തിൽ പോയി. അവിടെ മുഴുവനും വേലി കെട്ടിട്ടുണ്ടായിരുന്നു. അപ്പോൾ രണ്ടു പേരും ആലോചിച്ചു എന്നിട്ട് ഒരു മുയൽ പറഞ്ഞു " ഈ വേലിയുടെ അടിയിലൂടെ അകത്തേക്ക് കടക്കാം".അവർ രണ്ടു പേരും അകത്തേക്ക് പോയി എന്നിട്ട് ക്യാരറ്റ് തിന്നു. കുറയെ സമയം കഴിഞ്ഞപ്പോൾ തോട്ടത്തിൻ്റെ ഉടമസ്ഥൻ വന്നു എന്നിട്ട് അവരെ തല്ലി ഓടിച്ചു.

# വിദ്യാഭ്യാസവും സാങ്കേതിക വിദ്യയും

കേരളം എന്ന സംസ്ഥാനം സാംസ്കാരികമായും, സാങ്കേതികമായും ഏറെ വളർന്നിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് ഒരുപാട് മാറ്റങ്ങൾ വരുത്താനും, ഉണ്ടാക്കാനും കേരളം എന്ന കൊച്ചു സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.എന്തിനുവേണ്ടി ഈ ലോകം മുഴുവൻ "എഐ" എന്ന സാങ്കേതിക മേഖലയിലേക്ക് പ്രവേശിച്ചിരിക്കുന്നു.

പണ്ട് കാലത്ത് മണ്ണെണ്ണ വിളക്കിന്റെയും, തെരുവ് വിളക്കിന്റെയും സാന്നിധ്യത്തിൽ പഠിച്ച് മുന്നേറിയവരായിരുന്നു മുഴുവൻ ജനതും, പക്ഷെ, ഇന്ന് കാലം മാറിയപ്പോൾ വിദ്യാഭ്യാസത്തിലും സാങ്കേതികമായി മാറ്റം വന്നു. ശാസ്ത്രരംഗത്ത് അഭിമാനത്തിന്റെ വർണ്ണ തിളക്കം പകർത്തിയ " ചന്ദ്രയാൻ 3 " സാങ്കേതികവിദ്യയുടെ ഉത്തമ ഉദാഹരണമാണ്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെ " ഭാവി ഭാരതത്തെ പടുത്തുയർത്തേണ്ടത് ഈ കുരുന്നുകളാണ് "എന്നാണ്. ഒരു വിദ്യാർത്ഥിനി എന്ന നിലയിൽ വളരെയധികം മാറ്റങ്ങൾ ഈ ലോകത്ത് വരുത്താൻ നമ്മെക്കൊണ്ട് സാധിക്കും.കാരണം നമുക്ക് ഇപ്പോൾ ഒരു ഫോണും ബുക്കും മതി പഠിക്കാൻ.

ലോകം നേരിട്ട ഒരു മഹാപ്രതിസന്ധി ആയിരുന്നു കൊറോണ കാലഘട്ടം. 2 വർഷം കുട്ടികളുടെ വിദ്യാഭ്യാസം സ്ക്കൂളിൽ നിന്നായിരുന്നില്ലെങ്കിലും കേരള സർക്കാർ കുരുന്നുകളുടെ ദീപം തെളിയിച്ച് " വിക്ടേഴ്സ്" എന്ന വിദ്യാഭ്യാസ പരമ്പരയിലൂടെ സാങ്കേതികമായി വന്ന് കുട്ടികളുടെ രക്ഷകനായി മാറി. ഈ ലോകത്തെ നിയന്ത്രിക്കാൻ ഇനി മനുഷ്യന്റെ ആവശ്യമില്ല. ആർട്ടിഫിക്കൽ ഇന്റലിജൻസ്(Artificial intelligence) എന്ന ഒറ്റ വിദ്യ മതി ജീവിതം നിലനിർത്താൻ.

ഇന്നത്തെ കാലഘട്ടത്തിൽ ഒരുപാട് കുട്ടികൾ സ്ക്കൂളിൽ നിന്ന് കൊടുത്തുവിടുന്ന ഹോം വർക്കുകൾ ചെയ്ത് തീർക്കുന്നത് ഗൂഗിൾ, യൂട്യൂബ് എന്നീ മാധ്യമങ്ങൾ ഉപയോഗിച്ചാണ്. അതിൽ ഭൂരിപക്ഷം വിദ്യാർത്ഥികളും ഉപയോഗിക്കുന്നത്. [Chat GTP ] ചാറ്റ് ജിപിടി എന്ന സഹായിയെയാണ്.

"അടിസ്ഥാനവിദ്യാഭ്യാസം "നൽകണമെന്ന് ഉന്നയിച്ച മഹാത്മാഗാന്ധി വാക്കുകൾ ഇന്ന് സൈലത്തിലെയും എക്സാം വിനറിയെയും "ഫൈറ്റിട്ട മക്കളെ "എന്നായി മാറി. ഇന്ത്യയുടെ മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ദൗത്യമായ ഗഗൻയാൻ മിഷനിൽ ആദ്യം അയക്കുന്നത് ഹ്യുമനോയിഡ് റോബോട്ടായ " വ്യോമ മിത്ര"യെയാണ്. ഇതുവരെ അമ്മമാരുടെ കഥകളിലെ കഥാപാത്രമായിരുന്ന ചന്ദ്രൻ നമ്മുക്കിപ്പോൾ തട്ടിക്കളിക്കുന്ന പന്തുപോലെയാണ്.മനുഷ്യനെകൊണ്ട് സാധിക്കാത്തതെന്തും ഇപ്പോൾ മനുഷ്യൻ ഇങ്ങനെ സാങ്കേതിക വിദ്യയുപയോഗിച്ച് നേടിയെടുക്കുന്നു.

ശാസ്ത്രലോകം പറയുന്നത് 2050തോടെ മനുഷ്യൻ തീർത്തും സാങ്കേതിക വിദ്യയിൽ തന്നെ ലയിച്ചു പോകും എന്നാണ്. കാട്ടുതീയും, ഗുഹാചിത്രങ്ങളും ഉപയോഗിച്ച് വിവരം അറിയിച്ചിക്കൊണ്ടിരിക്കുന്ന പ്രാചീനകാലഘട്ടത്തിൽനിന്ന് ഇനി ഏഴുകടൽ കടന്നാലും വിളിയെത്തുന്ന മൊബൈൽ ഫോണുകൾ ലഭ്യമാണ്. കേട്ടും, കണ്ടും അറിഞ്ഞ് വളർന്ന നമ്മുടെ പൂർവികർക്ക് ഓർമ്മശക്തിയും ബുദ്ധിശക്തിയും  നമ്മെക്കാളും കൂടുതലാണ്. സാങ്കേതിക വിദ്യ ഒരുപാട് നമ്മിൽ മാറ്റം വരുത്തിയാലും, ഒരു നാണയത്തിന് ഇരുപുറമുണ്ട് എന്ന പറഞ്ഞപോലെ വിദ്യാർത്ഥി ഇത് മോശമായ പ്രവർത്തികളും അനുകരിക്കാൻ പ്രാപ്തരാക്കുന്നു. നമ്മുടെ ചിന്താഗതി ഇത് വല്ലാതെ നശിപ്പിക്കുന്നു. വായനയിലൂടെ ലഭിക്കേണ്ട വിദ്യാഭ്യാസം വെറും ഫോണിലൂടെ ലഭിക്കുമ്പോൾ അതിന്റെ വില തീർച്ചയായും കുറയുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തെ ഇത് വല്ലാതെ ദുരുപയോഗം ചെയ്യുന്നു. ഇന്ന് സാങ്കേതിക വിദ്യ ഏത് മേഖലയിലും സജീവമാണെങ്കിലും അതിനെ ചില മനുഷ്യരെങ്കിലും ദുരുപയോഗം ചെയ്യുന്നു. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകയായി വായനയെ ഇനിയെത്ര സാങ്കേതിക വിദ്യവന്നാലും നാം മറക്കരുത്.

വിദ്യാഭ്യാസത്തെ നെറുകൈകളിൽ പൂകിക്കൊണ്ട് സാങ്കേതിക വിദ്യയെയും ഉപയോഗിച്ച് നന്നായി വളരുക...... സാങ്കേതിക വിദ്യ വളർന്നു പന്തലിച്ച് പടരുമ്പോഴും കുരുന്നുകളായ


Little Kites
Group
Assignment

# ಸಾಮೂಹಿಕ ಮಾಧ್ಯಮಗಳ ಒಳಿತು ಕೆಡುಕುಗಳು

ಇಂದಿನ ಜಗತ್ತು ತಂತ್ರಜ್ಞಾನದಲ್ಲಿ ಮತ್ತು ಸಾಮೂಹಿಕ ಹಲವಾರು ಬೆಳವಣಿಗೆಯಾಗಿದೆ.ಸಮಾಜ ಮಾಧ್ಯಮಗಳಲ್ಲಿ ಹಲವಾರು ತರದ ಏಪ್ ಗಳು ನಿರ್ಮಾಣವಾಗಿದೆ. ಮೊದಲಿನ ಕಾಲದಲ್ಲಿ 1G ಎಂಬುದು ನೆಟ್ ವರ್ಕ್ ಆಗಿತ್ತು. ಅದು ಬಹಳ ನಿಧನಾವಾಗಿದ್ದುದ ರಿಂದ ಕಾಲಕ್ರಮೇಣ ಅದು 2 G ನಂತರ ಅದು ಪುನಃ 3G ನಂತರ 4 G ಆಯಿತು. ಇದೀಗ 4G ಒಳ್ಳೆಯ ರೀತಿಯಲ್ಲಿ ನೆಟ್ ವರ್ಕ್ ನಲ್ಲಿ ಇತ್ತು. ಆದರೆ ಆನೆಟಾವರ್ಕ್ ವೇಗ ನಮ್ಮ ಜಗತ್ತಿಗೆ ಸಾಕಾಗಲಿಲ್ಲ,ಇಂದೀಗ 5G ಆಗಿ ಬದಲಾಗಿದೆ. ಮೊಬೈಲ್ ಫೋನಿನ ಕಂಪೆನಿಯು ಹಲವಾರು ತರದಿದೆ.8000 ಸಾವಿರದಿಂದ ಹಿಡಿದು 2 ಲಕ್ಷದ ವರೆಗಿನ ಮೊಬೈಲ್ ಫೋನ್ ಗಳಿವೆ.ಇದು ಅಲ್ಲದೆ laptop ಬಳಿಕೆ ಹೆಚ್ಚಾಗಿದೆ. ದೂರದರ್ಶನದ ಬಳಕೆಯು ಹೆಚ್ಚಾಗಿದೆ.

ಮೊಬೈಲ್ ಫೋನ್ ನಿಂದ ಹಲವಾರು ಒಳಿತುಗಳಿವೆ. ದೂರದರ್ಶನದಿಂದಲೂ ಹಾಗೂ laptop ನಿಂದಲೂ ಒಳ್ಳೆಯ ರೀತಿಯ ಒಳಿತುಗಳಿವೆ. ಮೊದಲಿನ ಕಾಲದ ಮಕ್ಕಳು ಗ್ರಾಮೀಣ ಅಥವಾ ಮನೆಯ ಹೊರಗಿಳಿದು ಹಲವಾರು ಆಟಗಳನ್ನು ಆಡುತ್ತಿದ್ದರು.ಆ ಮಕ್ಕಳಿಗೆ ಮೊಬೈಲ್ ಫೋನಿನ ಬಗ್ಗೆ ಹೆಚ್ಚಿನ ಮಾಹಿತಿಗಳು ಅವರಿಗೆ ತಿಳಿದಿರಲಿಲ್ಲ. ಆದರೆ ಇಂದಿನ ಮಕ್ಕಳು ಹಾಗೂ ದೊಡ್ಡವರು ಎಲ್ಲರೂ ಮೊಬೈಲ್ ಬಳಕೆ ಅತಿಯಾಗಿ ಬಳಸುತ್ತಿದ್ದರೆ. ಮೊಬೈಲ್ ನಲ್ಲಿ ಹಲವಾರು ತರದ Game ಗಳನ್ನು ಆಡುತ್ತಾರೆ. ದಿನವಿಡೀ ಅದರಲ್ಲಿಯೇ ಮುಳುಗಿರುತ್ತಾರೆ.ಫೋನ್ ಒಂದು ತರ ಅವರಿಗೆ ಲೆಹರಿ ಇದ್ದ ಹಾಗೇ ಅದನ್ನು ನೋಡಿದ ಮೇಲೆ ಅದನ್ನು ನೋಡಿದೆ ಇರುವುದು ಆಸಾಧ್ಯವಾಗಿದೆ. ಕೊರೋನ ಕಾಲದಲ್ಲಿ ಮೊಬೈಲ್ ನಿಂದ ಒಳ್ಳೆಯ ರೀತಿಯ ಗುಣಗಳು ಲಭಿಸಿದೆ.ಕೆಲವರು ಲ್ಯಾಪ್ ಟೋಪ್ ಗಳಿಂದ,ಕೆಲವರು ದೂರದರ್ಶನದಿಂದ,ಕೆಲವರು ಮೊಬೈಲ್ ಫೋನ್ ನಿಂದ ಮಕ್ಕಳು ಓನ್ ಲೈನ್ ಕ್ಲಾಸುಗಳಿಗೆ ಹಾಡಾರಾಗುತ್ತಿದ್ದರು.ಮೊಬೈಲ್ಫೋನ್ ಅಥವಾ ಸಾಮೂಹಿಕ ಮಾಧ್ಯಮಗಳಿಂದ ಹಲವಾರು ಗುಣಗಳಿವೆ.ಇದರಿಂದಾಗಿ ಮಕ್ಕಳಿಗೆ ಕೋರೋನದ ಕಾಲದಲ್ಲಿ ಕ್ಲಾಸುಗಳು ಸರಿಯಾಗಿ ಲಭಿಸುತಿತ್ತು.ಮೊಬೈಲ್ ಫೋನ್ ಇಲ್ಲದವರಿಗೆ ಶಾಲೆಯಿಂದ ಮೊಬೈಲನ್ನು ಕೂಡಾ ಕೊಟ್ಟಿದ್ದರು. ಈ ಕೊರೋನದಿಂದಾಗಿ ಹಲವಾರು ಜನ ತನ್ನ ಕೆಲಸವನ್ನು ಕಳೆದು ಕೊಂಡಿದ್ದಾರೆ. ಅದರೆ ಕೆಲವರಿಗೆ ಲ್ಯಾಪ್ ಟೋಪ್ ನಿಂದ ಅಶಲ ಮನೆಯಿಂದಲೇ ಆಗುತಿತ್ತು.ಇದರಿಂದ ಹಲವಾರು ಒಳ್ಳೆಯ ರೀತಿಯ ಗುಣಗಳಿವೆ. ನಮಗೆ ಮನೆಯಿಂದ ಹೊರಗೆ ಹೋಗಲು ಸಾಧ್ಯವಿಲ್ಲಧಾಗ ಮೊಬೈಲ್ ಫೋನ್ ನಿಂದ ಓನ್ ಲೈನ್ ಮೂಲಕ ನಮ್ಮ ಸಂಬಂಧಿಕರಿಗೆ ವಿಡಿಯೋಕಾಲ್ ಮಾಡಿ ಮಾತಾಡುತ್ತಿದ್ದರು. ಇದರಿಂದಾಲೇ ನಮಗೆ ಬೇಕಾದ ಆಹಾರವನ್ನು ಯಾವುದೇ ಸಮಯಕ್ಕೆ ಬೇಕಾದರೆ ಓನ್ ಲೈನ್ ಮೂಲಕ ತರಬಹುದುದಿತ್ತು.ಇದು ಬಹಳ ಒಳ್ಳೆಯ ಉಪಕಾರಿಯಾಗಿದೆ.

ಮೊಬೈಲ್ ಫೋನ್ ಅಥವಾ ಸಾಮೂಹಿಕ ಮಾಧ್ಯಮಗಳು ಹಲವು ರೀತಿ ಮುಂದುವರೆದಿದೆ. ಯಾವುದೇ ರೀತಿಯಲ್ಲಿಯೂ ಕೂಡಾ ಇದಕ್ಕೆ ಸೋಲು ಇಲ್ಲ.ಇದಕ್ಕಾಗಿ ನೆಟ್ ವರ್ಕ್ ನ ಹಂತವನ್ನು ಕೂಡಾ 1 G ಯಿಂದ 5 Gತನಕ ಈಗ ಸ್ಥಾಪಿಸಲಾಗಿದೆ.ಇದರ ಕನೆಕ್ಷನ್ ವಾತಾವರಣದಲ್ಲಿ ಹಬ್ಬಿಕೊಂಡಿರುವುದರಿಂದ ಚಿಟ್ಟೆಗಳು ಹಕ್ಕಿಗಳು ಇನ್ನಿತ್ಯಾದಿಗಳು ಮರಣ ಹೋಂದಿವೆ.ಈ ಚಿಟ್ಟೆ ಹಾಗೂ ಹಕ್ಕಿಗಳ ಸಂಖ್ಯೆಯು ತುಂಬಾ ರೀತಿಯಲ್ಲಿ ಕಡಿಮೆ ಆಗಿದೆ. ಸಾಮೂಹಿಕ ಮಾಧ್ಯಮಗಳು ಮಾನವರಿಗೆ ಮಾತ್ರವಲ್ಲ ತೊಂದರೆಯನ್ನುಂಟು ಮಾಡುವುದು. ಪ್ರಾಣಿ ಪಕ್ಷಿಗಳಿಗೆ,ಚಿಟ್ಟೆ ಇತ್ಯಾದಿಗಳಿಗು ಇದು ಹಾನಿಕರವನ್ನುಂಟು ಮಾಡುತ್ತದೆ. ಯಾರೂ ಕೂಡಾ ಪ್ರಾಣಿ ಪಕ್ಷಿಗಳ ಬಗ್ಗೆ ಗಮನಿಸುವುದಿಲ್ಲ. ಮಕ್ಕಳು ದೊಡ್ಡವರು ಎಲ್ಲರೂ ದೂರದರ್ಶನವನ್ನು ತುಂಬಾ ಹತ್ತಿರದಿಂದ ಕುಳಿತು ನೋಡುತ್ತಾರೆ.ಇದರಿಂದಾಗಿ ನಮ್ಮ ಕಖ್ಲಗಳು ನಾಶವಾಗುದರಲ್ಲಿ ಬೇರೆ ಮಾತಿಲ್ಲ.ಕೊರೋನ ಕಾಲದ ರಜೆಯಲ್ಲಿ ಮಕ್ಕಳಿಗೆ ಮೊಬೈಲ್ ಫೋನ್ ತೆಗೆದು  ಕೊಟ್ಟು ಅವರು ಅದರೊಂದಿಗೆ ಕ್ಲಾಸ್ ನೋಡುವ ಬದಲು ಗೇಮ್ ಗಳನ್ನು ಆಡುತ್ತಾರೆ. ಈ ಕಾರಣದಿಂದಾಗಿ ಎಲ್ಲ ಮಕ್ಕಳಿಗೆ ತಮ್ಮ ಕೈಯಲ್ಲಿ ಅವರಿಗಾಗಿಯೇ ಮೊಬೈಲ್ ಫೋನ್ ಗಳಿವೆ. ಇದರ ಬಳಕೆ ಹೆಚ್ಚಾಗಿ ಆಫೋನಿನಲ್ಲಿಯೇ ತಮ್ಮ ಬದುಕನ್ನು ಮುಂದುವರಿಸುತ್ತಿದ್ದಾರೆ.ಕ್ಲಾಸ್ ನೋಡುವ ಬದಲು ಹಲವಾರು ಗೇಮ್ ಆಡಿ ದಿನವನ್ನು ಹಾಳಾಮಾಡುತ್ತಾರೆ.ಹತ್ತಿರದ ಮನೆಯಲ್ಲಿ ಏನು ಸಂಭವಿದರು ಅವರಿಗೆ ಅದು ತಿಳಿಯುವುದಿಲ್ಲ ವೊದಲೆಲ್ಲ ಊಟಕ್ಕೆ ಕುಳಿತಾಗ ಊಟ ವಿಡೇಯಲ್ಲಿ ಖುಷಿಯಿಂದ ಮಾತಾನಾಡಿಕೊಂಡು ಊಟವನ್ನು  ಮಾಡುತ್ತಿದ್ದರು.ಆದರೆ ಈಗ ಹಾಗಲ್ಲ ಮೊಬೈಲ್ ನ್ನು ನೋಡಿಕೊಂಡು ಊಟವನ್ನು ಮಾಡುತ್ತಾರೆ.ಮಕ್ಕಳಿಗೆಲ್ಲ ಹೊರ ಆಟ,ಗ್ರಾಮೀಣದ ಆಟದ ಬಗ್ಗೆ ತಿಳಿದೆ ಇರುವುದೇ ಇಲ್ಲ.ಮೊಬೈಲ್ ನಲ್ಲಿಯೇ ಎಲ್ಲ ಆಟವನ್ನು ಆಡುತ್ತಾರೆ. ನಾವೆಲ್ಲರೂ ಮೊಬೈಲ್ ಬಳಕೆ ಕಡಿಮೆ ಮಾಡಿ ನಮ್ಮ ಮೊದಲಿನ ಜೀವನವನ್ನು ಜೀವಿಸೋಣ.

-------------xxxxxxxxxxx----------------

# ಕಳ್ಳನ ಮನ ಬದಲಾವಣೆ

ಒಂದು ಊರಿನಲ್ಲಿ ಒಬ್ಬ ಕಳ್ಳನು ವಾಸಿಸುತ್ತಿದ್ದನು.ಅವನ ಹೆಸರು ಸೋಮು.ಅವನು ಹಗಲೂ ಹೊತ್ತಿನಲ್ಲಿ ಮಾನ್ಯಜನರ ಹಾಗೇ ವರ್ತಿಸಿ ಕಳ್ಳತನ ಮಾಡಿದೆ ಇರುತ್ತಿದ್ದನು.ಆದರೆ ರಾತ್ರಿ ವೇಳೆ ಮನೆಯನ್ನು ಪ್ರವೇಶಿಸಿ ಆಮನೆಯಲ್ಲಿರುವ ಎಲ್ಲಾ ಸಾಮಗ್ರಿಗಳನ್ನು ತೆಗೆದು ಹೋಗುತ್ತಿದ್ದನು. ಅವನು ಹೀಗಾಗಲು ಕಾರಣ ಅವನು ಸಣ್ಣದಿರುವಾಗ ಅವನ ಮನೆಯಿಂದ ಸಾಲ ಹಿಂತಿರುಗಿಸಲು ಇಟ್ಟಿರುವ ಹತ್ತು ಸಾವಿರ ರೂಪಾಯಿ ಯಾರೋ ಒಬ್ಬ ಕಳ್ಳ ತೆಗೆದು ಕೊಂಡು ಹೋದರು. ಅದರ ದುಃಖದಲ್ಲಿ ಸೋಮುವಿನ ತಂದೆ ಆತ್ಮಹತ್ಯೆ ಮಾಡಿದರು.ಇದರೊಂದಿಗೆ ಅವನ ಅಮ್ಮ ಮೆದುಳಿನಲ್ಲಿ ರಕ್ತಸ್ರಾವವಾಗಿ ಮೂರು ತಿಂಗಳ ನಂತರ ತೀರಿಕೊಂಡರು.ಇದರ ಸಿಟ್ಟಿನಿಂದ ಸೋಮು ಊರಲ್ಲಿರುವ ಎಲ್ಲರ ಮನೆಯನ್ನು ಪ್ರವೇಶಿಸಿ ಕಳೆತನ ಮಾಡಲು ಆರಂಭಿಸಿದನು.ಆದರೆ ಇದು ವರೆಗೆ ಯಾರಿಗೂ ಸೋಮು ಕಳ್ಳನೆಂದು ತಿಳಿಯಲಿಲ್ಲ.

ಸೋಮು ಮನೆಯಲ್ಲಿ ಒಬ್ಬನೇ ಇರುವುದು. ಹಗಲು ಊರನ್ನು ತಿರುಗುವಾಗ ಯಾರಿಗೂ ಅವನ ಸಂಶಯ ಬರುವುದಿಲ್ಲ. ಹಾಗೆ ರಾತ್ರಿ ಅವನು ಒಂದು ಮನೆಯಿಂದ ಚಿನ್ನ ತೆಗೆದು ಬಂದನು.ಮರು ದಿನ ಪೋಲೀಸ್ ಬಂದಾಗ ಸಾಕ್ಷಿ ಇಲ್ಲದ ಕಾರಣ ತಿರುಗಿ ಹೋಗ ಬೇಕಾಗಿ ಬಂದಿತ್ತು. ಸೋಮುವು ಇದು ಸಾಲದೆ ಬ್ಯಾಂಕ್ ಗಳನ್ನು ಲಕ್ಷ್ಯವಾಗಿಟ್ಟನ್ನು.ಹಾಗೆ ಅವನು ಮಾಡುವ ಎಲ್ಲಾ ಕಳ್ಳತನ ಸರಿಯಾಗುಯತ್ತಾ ಬಂತು.ಒಂದು ಸಾಕ್ಷಿಯೂ ಇಲ್ಲದ ಕಾರಣ ಪೋಲೀಸರಿಗೆ ಕಳ್ಳನನ್ನು ಪತ್ತೆಹಚ್ಚಲು ಸಾಧ್ಯವಾಗಲಿಲ್ಲ. ಅವನ ಕಳ್ಳತನ ಬೆಳೆದು ಮನೆಯಲ್ಲಿ ಹಣ ತುಂಬಿಬಂತು.ಆದರೂ ಅವನ ದುರಾಸೆ ಮುಗಿಯಲೇ ಇಲ್ಲ. ಊರು ತಂಗಾಲಾಯಿತು,ಆದರೂ ಸೋಮು ಬೇರೆಯ ಊರಿಗೆ ಹೋಗಿ ಹಣ ಮತ್ತು ಚಿನ್ನವನ್ನು ತೆಗೆದು  ತರುತ್ತಿದದನು. ಅವನು ಆ ಹಣದಿಂದ ದೊಡ್ಡ ಮನೆ ಕಾರು ಗಳನ್ನೆಲ್ಲಾ ಖರೀದಿಸಿದನ್ನು.ಆದರೂ ಊರವರಿಗೆ ಏನೂ ತಿಳಿಯಲಿಲ್ಲ. ಸೋಮುವು ಬಡವರಿಗೆ ಹಣವಿಲ್ಲ ಎಂದು ಅವರನ್ನು ಬಿಡಲಿಲ್ಲ. ಅವರನ್ನು ಕೂಡಾ ಬೇಟೆಯಾಡಿದ.

ಒಂದು ದಿನ ಅವನು ಒಂದು ಬಡಕುಟುಂಬಕ್ಕೆ ಕಳ್ಳತನ ಮಾಡಲು ಪ್ರವೇಶಿಸಿದನು.ಅವನು ಆ ದಿನ ರಾತ್ರಿ ಆ ಮನೆಯಲ್ಲಿದ್ದ ಹಣ,ಚಿನ್ನದ ತಾಲಿಯನ್ನೆಲ್ಲಾ ತೆಗೆದನು.ಮನೆಗೆ ಬಂದು ನೋಡಿದಾಗ ಸಾವಿರ ರೂಪಾಯಿ ಮತ್ತು ಚಿನ್ನದಂತಿದ್ದ ಕಂಚಿನ ತಾಲಿ ಮಾತ್ರ ಸಿಕ್ಕಿದ್ದು. ಆದರೂ ಇಂದಿಗೆ ಇದು  ಸಾಕು ಎಂದು ಸುಮ್ಮನಾದ.ಮರು ದಿನ ಸೋಮು ಬೀದಿಯಲ್ಲಿ ನಡೆದು ಕೊಂಡು ಹೋಗುತ್ತಿದ್ದನು. ಅಲ್ಲಗೆ ಆಂಬುಲೆನ್ಸ್ ಹೋಗುವುದನ್ನು ಕಂಡಿತು.ಸೋಮು ಮಾತ ನಾಡದೆ ನಡೆದನು.ಅವನು ಚಹಾ ಕುಡಿಯುಲು ಅಂಗಡಿಗೆ ಪ್ರವೇಶಿಸಿದನು. ಚಹ ಕುಡಿಯುತ್ತಿರುವಾಗ ವಾರ್ತೆಯಲ್ಲಿ ಬಡಕುಟುಂಬದ ತಂದೆ ತಾಯಿ ಯಂದಿರ ಆತ್ಮಹತ್ಯೆ ವಾರ್ತೆ ನಡೆಯುತ್ತಿತ್ತು. ಮರುದಿನ ಬ್ಯಾಂಕಿನ ಶಟ್ಟಿಲೆಂದು ಕೂಡಿಸಿಟ್ಟ ಸಾವಿರ ರೂಪಾಯಿ ಕಳ್ಳತನ ಆಗಿದ ದುಃಖದಲ್ಲಿ ಆತ್ಮಹತ್ಯೆ ಮಾಡಿ ದರು ಎಂಬ ವಾರ್ತೆ ಕೇಳಿದ ತಕ್ಷಣ ಸೋಮುವಿನ ಮನಸ್ಸು ಕರಗಿತು.ಸೋಮುವು ತನ್ನ ಕೆಲಸದ ಫಲ ಹೀಗಾಗಿರಬಹುದೆಂದು ಚಿಂತಿಸಲಿಲ್ಲ.ಸೋಮುವಿನ ಮನೆಯಲ್ಲಿ ಆದ ದುಃಖದ ಸಂಭವ ನೆನಪಾಯಿತು. ತನ್ನ ಮನೆಯನ್ನು ಕದ್ದ ಒಂದು ಕಳ್ಳನ ಮೇಲಿರುವ ಸಿಟ್ಟು ಊರಿನವರ

# എന്റെ അമ്മയാണെനിക്കെല്ലാം

ഓർക്കുന്നു ഞാനാ താരാട്ടുപാട്ടുകൾ
ആദ്യ രുചിയായ നാവിലലിഞ്ഞിറങ്ങിയ-
അമ്മിഞ്ഞപ്പാലിൻ മധുരവും
കാത്തു കാത്തിട്ടന്നെന്നമ്മ
എൻ കണ്ണിൽ കണ്ണുനീരൊഴുകുന്ന നേരത്ത്-
അമ്മതൻ മനസ്സിൽ കണ്ണീരൊഴുകുന്നു
ആ കുഞ്ഞു മുഖമൊന്നു കണ്ടൊരാ നേരത്ത്
അമ്മ തൻ ചുണ്ടിൽ വിരിയുന്നു പുഞ്ചിരി
തൻ കുഞ്ഞിനു ജീവിതം നൽകുവാൻ വേണ്ടി
സന്തോഷമെല്ലാം ത്യജിച്ചിട്ടന്നമ്മ
എന്റെ മുഖമൊന്നു വാടിയാൽ അമ്മതൻ മനസ്സ്-
മുറിവേറ്റു പോവുന്നു. സ്നേഹം ചൊരിയുന്നു
ഒരകാശമാണെന്റെഅമ്മ ആകാശംപോലെ
നീണ്ടു നിൽക്കുന്നു അമ്മതൻ സ്നേഹം
എന്റെ നിഴലായി അമ്മയുണ്ടെന്നു-
മെൻകൂടെ എന്റെ അമ്മയാണെനിക്കെല്ലാം
അമ്മയില്ലാതെനിക്കില്ലയൊന്നും
എന്റെ അമ്മയാണെനിക്കെല്ലാം.

# തടവുകാരി

…………………

അടിക്കാനെടുത്ത വടി
പീലിത്തണ്ടായി.

എറിയാനെടുത്ത കല്ല്
വെണ്ണക്കട്ടിയായി.

തൊടുക്കാനെടുത്ത വാക്ക്
തുമ്പപ്പൂവായി .

കെട്ടാനെടുത്ത കയർ
മുല്ലമാലയായി.

ശകാരങ്ങൾ
തെളിഞ്ഞ താരാട്ടായി.

കണ്ണിലെ തീപ്പൊരികൾ
മിന്നാമിന്നികളായി.

എന്റെ നെഞ്ചിലെ
നിന്റെ കാലടിപ്പൂക്കളത്തിൽ
അമ്മ തടവുകാരിയായി.

ശാന്തകുമാരി പറമ്പിൽ


For Desktop Computer & Accessories
GHSS Kundamkuzhi
POCO
SHOT ON POCO M2 PRO


Little Kites Group
Assignment


ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ജി എച്ച് എസ് എസ് കുണ്ടംകുഴി
ലിറ്റിൽ കൈറ്റ്സ്
ജില്ല ക്യാമ്പിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
മിതേഷ് കെ നായർ
(9 എ )
നിവേദ്യ കെ
( 9 ബി)
അഭിനന്ദനങ്ങൾ
STAFF-PTA&SMC GHSS KUNDAMKUZHY


കാസറഗോഡ് ജില്ല സ്കൂൾ
ശാസ്ത്രോൽസവം - 2023
IT FAIR HS
മനാസ്സേ കര്യൻ 10 F
ഡിജിറ്റൽ പെയിന്റിംഗ്
FIRST A GRADE
അഭിനന്ദനങ്ങൾ
അക്ഷിത കെ (9A)
വെബ് പേജ് ഡിസൈനിംഗ്
B Grade
ഗവ:ഹയർ സെക്കണ്ടറി
സ്കൂൾ കുണ്ടംകുഴി

# സ്കൂൾ ചരിത്രംകുണ്ടംകുഴി

നഗരത്തിന്റെ ഹൃദയഭാത്തായി സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ.




1955 ൽ ആരംഭിച്ച ഏകാധ്യാപക വിദ്യാലയമാണ്. 1977 ൽ ഹൈസ്കൂളായി ഉയർത്തുകയും1997 ൽഹയർ ചെസ ക്കണ്ടറി വിഭാം ആരംഭിക്കുകയും ചെ യ്തു. ഗബഡഡുക്ക ഗ്രാമപഞ്ചായത്തിൻചെറ സാംസ്കാരിക ഹൃദയം എന്നു വി ഗശഷിപ്പിക്കാവുന്ന ജി.എച്ച്.എസ്.എസ് കുണ്ടംകുഴി സംസ്ഥാനത്തിൻചെറ വിവിധ ഭാ ങ്ങളിൽ 85 ലധികം അധ്യാപകരും 2500 ഓളം വിദ്യാർഥികചെള യും ഉൾ ചെക്ക ◌ാളളുന്നു

LK

ഏകഗദശം 16 ഏക്കഗറാളം വിസ്തൃതിയുള്ള





# നന്ദി

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻതയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാവിധ പിന്തുണയുംസഹായങ്ങളും തന്നവരെ നന്ദിയോടെ സ്മരിക്കുന്നു

